കണ്ണൂർ സർവ്വകലാശാല
KANNUR UNIVERSITY
Accredited By NAAC with 'B++' Grade
Website : www.kannuruniversity.ac.in

ADMIN/AD-A3/19072/2018
05.07.2025

**പുനർവിജ്ഞാപനം**

സർവ്വകലാശാലാ പബ്ലിക്ക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ/ കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| തസ്തിക | പബ്ലിക്ക് റിലേഷൻസ് ഓഫീസർ |
| ഒഴിവ് | ഒന്ന് |
| നിയമന രീതി | ഡെപ്യൂട്ടേഷൻ / കരാർ നിയമനം |
| നിയമന കാലാവധി | പി.എസ്.സി. മുഖേന സ്ഥിരം നിയമനം/ പുതിയ വിജ്ഞാപനം മുഖേന പകരം നിയമനം അല്ലെങ്കിൽ പരമാവധി ഒരു വർഷം വരെ ഇതിൽ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ |
| അടിസ്ഥാന യോഗ്യത | **ഡെപ്യൂട്ടേഷൻ നിയമനം:** സംസ്ഥാന സർക്കാർ സർവ്വീസിലോ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലോ പബ്ലിക്ക് റിലേഷൻസ് ഓഫീസർ/ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ് |
| | **കരാർ നിയമനം:**<br>1. ജേർണലിസം/ മാസ് കമ്മ്യൂണിക്കേഷൻ എന്നിവയിലെ ബിരുദാനന്തര ബിരുദം അഥവാ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും ജേർണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക്ക് റിലേഷൻസിൽ ഡിപ്ലോമയും.<br>2. സർക്കാർ അംഗീകാരം/രജിസ്ട്രേഷൻ ഉള്ള മാധ്യമ സ്ഥാപനങ്ങളിൽ നിന്നും മാധ്യമ രംഗത്തെ 3 വർഷത്തെ പ്രവർത്തി പരിചയം **അഥവാ** സർക്കാർ/ അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങളിൽ പി.ആർ. പ്രൊഫഷണലായുള്ള 3 വർഷത്തെ പ്രവർത്തി പരിചയം. |
| അപേക്ഷ സമർപ്പിക്കേണ്ട രീതി | അപേക്ഷകൾ കണ്ണൂർ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ **(www.kannuruniv.ac.in)** ലഭ്യമാക്കിയിട്ടുള്ള ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. |
| കാറ്റഗറി | ഓപ്പൺ (കരാർ നിയമനത്തിന് മാത്രം ബാധകം) |
| പ്രായ പരിധി | 20-45 വയസ്സ് (01-01-2025 ന് 45 വയസ്സിൽ കൂടാൻ പാടുള്ളതല്ല) (കരാർ നിയമനത്തിന് മാത്രം ബാധകം) |
| വേതനം | **ഡെപ്യൂട്ടേഷൻ നിയമനം:** അന്യത്രസേവന ചട്ടപ്രകാരം മാതൃ തസ്തികയിലെ വേതനം |
| | **കരാർ നിയമനം:** പ്രതിമാസം 40,000/- രൂപ സഞ്ചിത വേതനം |
| അപേക്ഷാ ഫീസ് | 500/ - രൂപ |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. | 18 - 07-2025 |

**പൊതു നിർദ്ദേശങ്ങൾ**

- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അപേക്ഷകർ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനത്തിനായി അപേക്ഷിക്കുന്നവർ; യോഗ്യതാ സർട്ടിഫിക്കറ്റുകളോടൊപ്പം കെ.എസ്.ആർ 144 അനുസരിച്ചുള്ള പെർഫോർമ, ജോലി ചെയ്യുന്ന സ്ഥാപന മേലധികാരിയിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ പ്രസ്തുത കോഴ്സിന് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ലഭിച്ച തുല്യതാ സർട്ടിഫിക്കറ്റ് കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതകളുടെ തത്തുല്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടാപ്പം ഹാജരാക്കേണ്ടതാണ്.
- വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു അറിയിപ്പും നൽകാതെ നിരസിക്കുന്നതാണ്.
- സമർപ്പിക്കപ്പെട്ട അപേക്ഷകളും, പ്രവർത്തി പരിചയവും പരിശോധിച്ച് യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവർത്തി പരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പൂർണ്ണ അധികാരം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്.

Dr. Anup Kumar Kesavan
DIRECTOR (IQAC) (Registrar in-charge)

To

1. The Computer Programmer - for posting in the University Website
2. Public Relations Officer (i/c) (for arranging Press Release)
3. Notice Board